പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2892

10.12.2014-ലെ മറുപടിയ്ക്ക്

**പെരുവണ്ണാമൂഴി, കക്കയം ടൂറിസം പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | **ശ്രീ.എ.പി.അനിൽകുമാർ**<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) പെരുവണ്ണാമൂഴി, കക്കയം ടൂറിസം പദ്ധതികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര കോടി രൂപ അനുവദിച്ചിരുന്നു എന്ന് വ്യക്തമാക്കുമോ;<br>(ബി) അനുവദിച്ച തുകയിൽ എത്ര രൂപ ചെലവഴിച്ചു എന്നും എന്തൊക്കെ കാര്യങ്ങൾക്കാണ് തുക ചെലഴിച്ചത് എന്നും വ്യക്തമാക്കുമോ;<br>(സി) അനുവദിച്ച തുക ചെലവഴിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) യും (ബി) യും (സി) യും<br>പെരുവണ്ണാമൂഴി - കക്കയം ടൂറിസം വികസന പദ്ധതിയ്ക്കായി കേന്ദ്ര ഗവൺമെന്റ് അനുവദിച്ച 5 കോടി രൂപയിൽ നിന്നും 4 കോടി രൂപ സംസ്ഥാന സർക്കാരിന് നൽകിയിരുന്നു. എന്നാൽ പദ്ധതി നടപ്പിലാക്കാനുണ്ടായ കാലതാമസം മൂലം മുഴുവൻ തുകയും കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം തിരിച്ചടക്കുകയുണ്ടായി. പ്രസ്തുത പദ്ധതിക്കായി ബാലൻസ് വർക്ക് എന്ന പേരിൽ സംസ്ഥാന സർക്കാർ 1,91,75,141/- രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. |
| (ഡി) കേന്ദ്ര സർക്കാർ അനുവദിച്ച എത്ര കോടി രൂപ ലാപ്സ് ആയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (ഡി) പദ്ധതിക്കായി റിലീസ് ചെയ്ത മുഴുവൻ തുകയായ 4 കോടി രൂപയും തിരിച്ചടക്കേണ്ടതായി വന്നിട്ടുണ്ട്. |
| (ഇ) പ്രസ്തുത തുക ഈ പദ്ധതിക്ക് വീണ്ടും ലഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ